**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2876** **12-07-2022 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ എന്നീ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതികൾ സമീപ പഞ്ചായത്തുകളായ ന്യൂ മാഹി, മാങ്ങാട്ടിടം, ചൊക്ലി എന്നീമൂന്ന് പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പദ്ധതികൾ കൂടി ഉൾപ്പെട്ട സംയോജിത കുടിവെള്ള പദ്ധതിയായിട്ടാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. 20 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണശാല ഇരിട്ടി മുൻസിപ്പാലിറ്റിയിൽ എടക്കാനം എന്ന സ്ഥലത്ത് നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 150 സെന്റ് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഇരിട്ടി മുനിസിപ്പൽ ചെയർപേഴ്സനെയും മേൽപ്പറഞ്ഞ 5 പഞ്ചായത്ത് പ്രസിഡണ്ട്മാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ചതുപോലെ മൊകേരി പഞ്ചായത്തിലും പാട്യം പഞ്ചായത്തിലെ ചെറുവാഞ്ചേരി വില്ലേജിലും പദ്ധതിക്കാ വശ്യമായ ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ പഞ്ചായത്ത്തലത്തിൽ നടന്നുവരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കാമോ? | (സി) | തലശ്ശേരി, കുത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അനുസരിച്ച് 2023 അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കികൊണ്ടു വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തലശ്ശേരി – കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി | 8586 | ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്ഥാപിക്കുന്നതിനായി 2 ഗവ. ഭൂമിയും 3 സ്വകാര്യ ഭൂമി യും ആവശ്യമാണ്. സ്വകാര്യ ഭൂമികൾ ലാൻറ് അക്വസിഷൻ വഴി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ആവശ്യമുള്ള 2 ഗവ. ഭൂമികളിൽ ഒന്ന് പാനൂർ മുൻസിപ്പാലിറ്റിയുടെയും മറ്റൊന്ന് ചൊക്ലി ഗവ.കോളേജി ന്റെയും ഉടമസ്ഥതയിലുള്ളതാണ്. ഈ രണ്ട് സ്ഥലങ്ങൾക്കും നിർമ്മാണ ജോലികൾ നടത്താനായി വാട്ടർ അതോറിറ്റിക്ക് പെർമിസീവ് സാംങ്ഷൻ ഇതിനകം ലഭിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ച ലാന്റ് അകിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ് |
| 2 | ജൽ ജീവൻ മിഷൻ – മൊകേരി പഞ്ചായത്ത് 4363 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി | 2405 | ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും 2021-22-ൽ നൽകിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ടാങ്ക് നിർമ്മിക്കുന്ന തിനുള്ള സ്വകാര്യ ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| 3 | ജൽ ജീവൻ മിഷൻ – കുന്നോത്തുപറമ്പ് പഞ്ചായത്ത്-7046 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി | 10907 | എഞ്ചിനീയറിംഗ് സർവ്വേ നടന്നു വരുന്നു. ഭരണാനുമതി 2022 ഫെബ്രുവരി മാസം നൽകിയിട്ടുണ്ട്. |
| 4 | ജൽ ജീവൻ മിഷൻ – തൃപ്പങ്ങോട്ടൂർ പഞ്ചായത്ത് -6643 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി | 12263 | എഞ്ചിനീയറിംഗ് സർവ്വേ നടന്നു വരുന്നു. ഭരണാനുമതി 2022 ഫെബ്രുവരി മാസം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 5 | ജൽ ജീവൻ മിഷൻ – പാട്യം പഞ്ചായത്ത് – പാട്യം പഞ്ചായത്തിലെ പാട്യം വില്ലേജിൽ പൈപ്പ് ലൈൻ നീട്ടി 6538 ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതി | 3664 | ഭരണാനുമതി 2020 – 21 ൽ നൽകിയിരുന്നു. ഈ പ്രവൃത്തി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. പാട്യം പഞ്ചായത്തിലെ ചെറുവാഞ്ചേരി വില്ലേജിലെ ശുദ്ധജല വിതരണ പദ്ധതിക്കായി 2540 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും 2021–22 ൽ നൽകിയിരുന്നു. പദ്ധതി ഘടകങ്ങളുടെ നിർമ്മാണത്തനാവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല |
| 6 | ജൽ ജീവൻ മിഷൻ – കോട്ടയം പഞ്ചായത്ത് – ഈ പദ്ധതിയുടെ ഭാഗായി പൈപ്പ് ലൈൻ നീട്ടി 3420 ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതി | 696 | ഭരണാനുമതി 2020–21 ൽ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. |
| 7 | സ്റ്റേറ്റ്പ്ലാൻ 2022–23–പാനൂർ മൊകേരി –മുത്താറിപീടികയിലെ ടാങ്കിൻറെ അറ്റകുറ്റപ്പണി– | 11.9 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 8 | സ്റ്റേറ്റ്പ്ലാൻ 2022–23– തട്ടിൽ ശുദ്ധീകരണ ശാലയിലേയ്ക്ക് 15 എച്ച്.പി പമ്പ് സെറ്റും സാമഗ്രികളും സപ്ലൈ ചെയ്യുന്ന പ്രവൃത്തി.– | 2.9 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 9 | ഡെപ്പോസിറ്റ് വർക്ക്–2021–22–കുത്തുപറമ്പ് മുനിസിപ്പാലിറ്റി–മൂരിയാട് പോസ്റ്റ്ഓഫീസ് മുതൽ പാലത്തുംകര ജംങ്ഷൻ വരെ റൈഡർ മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി– | 241.2 | പ്രവൃത്തി പുരോഗമിക്കുന്നു. |

**ജലനിധി**

കുത്തുപറമ്പ് മണ്ഡലത്തിൽപ്പെടുന്ന കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ചാലിൽ കുട്ടക്കെട്ടിൽ– പൈപ്പ് ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 30.07.2022–ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.